7157
23/7/14

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - ഔദ്യോഗിക ഭാഷ മലയാളമാക്കൽ - വകുപ്പിൽ 'ഔദ്യോഗിക ഭാഷാ സമിതി' രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==============================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം. 450/2014/സാനീവ തിരുവനന്തപുരം, തീയതി 19.07.2014.

==============================================================================

പരാമർശം : ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷാ) വകുപ്പിന്റെ 25.03.2014 ലെ സ.ഉ(കൈ)09/14/ഉഭപവ നമ്പർ ഉത്തരവ്

## <u>ഉത്തരവ്</u>

ഔദ്യോഗിക ഭാഷാ മലയാളമായിരിക്കണമെന്നുള്ള സർക്കാരിന്റെ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഭരണരംഗത്തെ ഭാഷാമാറ്റം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനുമായി സാമൂഹ്യനീതി വകുപ്പിൽ താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി വകുപ്പുതല ഔദ്യോഗിക ഭാഷാസമിതി രൂപീകരിച്ച് ഉത്തരവാകുന്നു.

1. അഡീഷണൽ ചീഫ് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് - അധ്യക്ഷൻ
2. അഡീഷണൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് - കൺവീനർ
3. ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
4. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ
5. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ
6. സെക്രട്ടറി, കേരള വനിതാ കമ്മീഷൻ
7. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കേരള സംസ്ഥാന ശിശുസംരക്ഷണ സമിതി
8. എക്സിക്യൂട്ടീവ് ഡയറക്ടർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (നിഷ്)
9. സെക്രട്ടറി, കേരള സാമൂഹ്യ സുരക്ഷാ ബോർഡ്
10. കമ്മീഷണർ, കേരള സംസ്ഥാന വികലാംഗക്ഷേമ കമ്മീഷണറേറ്റ്
11. എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ
12. മെമ്പർ സെക്രട്ടറി, ഓർഫനേജ് കൺട്രോൾ ബോർഡ്
13. സെക്രട്ടറി, ബാലാവകാശ സംരക്ഷണ കമ്മീഷൻ

(3–13) അംഗങ്ങൾ

| | | |
|---|---|---|
| 14. സാമൂഹ്യനീതി വകുപ്പിലെ ഭാഷാമാറ്റ കർമ്മപരിപാടിയുടെ ഏകോപനാധികാരി | } | അംഗങ്ങൾ |
| 15. സാമൂഹ്യനീതി വകുപ്പിലെ പരിഭാഷാ സെല്ലിന് നേതൃത്വം നൽകുന്ന ഉദ്യോഗസ്ഥൻ | } | |
| 16. ഔദ്യോഗിക ഭാഷാ വകുപ്പിലെ ഭാഷാ വിദഗ്ദൻ/ ഔദ്യോഗിക ഭാഷാ വകുപ്പ പ്രതിനിധി | | - നിരീക്ഷകൻ |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ഡോ. കെ.എം. എബ്രഹാം**
അഡീഷണൽ ചീഫ് സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ
സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള എല്ലാ സ്ഥാപന മേധാവികൾക്കും
ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷാ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ